## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 841 | 30.01.2019 ൽ മറുപടിയ്ക്ക്

### വൃക്ഷത്തൈകൾ നട്ടുമെന്ന ബജറ്റ് പ്രഖ്യാപനം

| ചോദ്യം<br>ശ്രീ. പി.ടി.തോമസ് | | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | മൂന്നുകോടി വൃക്ഷതൈകൾ നട്ടുമെന്ന ബജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിക്കാതെ വന്നത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ; | (എ) | മൂന്നുകോടി വൃക്ഷതൈകൾ നട്ടുമെന്ന ബജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിക്കാതെ വന്നത് ഫണ്ടിന്റെ അപര്യാപ്തത മൂലമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 14 കോടി രൂപയാണ് സാമൂഹ്യവനവൽക്കരണ വിഭാഗത്തിന് തൈ ഉത് പാദനത്തിനായി അനുവദിച്ചിരുന്നത്. എന്നാൽ 3 കോടി വൃക്ഷത്തൈകൾ തയ്യാറാക്കുന്നതിനായി 50 കോടി രൂപ വകയിരുത്തേണ്ടതുണ്ട്. |
| (ബി) | നടീൽ വസ്തുക്കളുടെ ദൗർലഭ്യം ഈ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് പ്രതിബന്ധമായിട്ടുണ്ടോ; | (ബി) | ഇല്ല |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ വർഷമുണ്ടായ പ്രളയം നഴ്സറികൾക്ക് കനത്ത നാശനഷ്ടം ഉണ്ടാക്കിയ സാഹചര്യത്തിൽ ഈ വർഷവും നടീൽ വസ്തുക്കൾക്ക് ദൗർലഭ്യ മുണ്ടാകുമോ എന്ന് വെളിപ്പെടുത്താമോ? | (സി) | കഴിഞ്ഞ വർഷമുണ്ടായ പ്രളയം നഴ്സറികൾക്ക് കനത്ത നാശനഷ്ടം ഉണ്ടാക്കിയിട്ടില്ല. എന്നാൽ പ്രളയത്തിൻറെ പശ്ചാത്തല ത്തിൽ സാമൂഹ്യവന വൽക്കരണ വിഭാഗത്തിന് തൈ ഉത്പാദന ത്തിനായി അനുവദിച്ച ഫണ്ടിൽ മുൻവർഷത്തേതിലും 20.49% കുറവ് വന്നിട്ടുള്ള സാഹചര്യത്തിൽ നടീൽ വസ്തുക്കൾക്ക് ദൗർലഭ്യ മുണ്ടാകുവാൻ സാദ്ധ്യതയുണ്ട്. |
| (ഡി) | എങ്കിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമോ എന്ന് വ്യക്തമാക്കാമോ ? | (ഡി) | വനം വകുപ്പിന്റ സോഷ്യൽ ഫോറസ്ട്രി വിഭാഗം നേരിട്ട് വൃക്ഷതൈകൾ ഉത്പാദിപ്പി ക്കുന്നില്ല. നിലവിൽ വൃക്ഷത്തൈ ഉത്പാദന ജോലികൾ ടെണ്ടർ മുഖേനയാണ് ചെയ്ത് വരുന്നത്. തൊഴിലുറപ്പ് പദ്ധതി പ്രകാരം നടീൽ വസ്തുക്കൾ ഉല്പാദിപ്പി ക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരി ക്കുന്ന കാര്യം നിലവിൽ വനം വകുപ്പിൻറെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ